# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 551 -19.03.2013 -ലെ മറുപടിക്ക്

### തൊഴിൽദാന പരിപാടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീമതി കെ. കെ. ലതിക :<br>ശ്രീ. റ്റി. വി. രാജേഷ് :<br>ശ്രീ. ആർ. രാജേഷ് : | | ശ്രീ. കെ.എം. മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി |
| (എ) | തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ബൃഹത്തായ തൊഴിൽദാന പരിപാടി എന്ന നിലയിൽ ഈ സർക്കാർ ആദ്യ ബജറ്റിലൂടെ പ്രഖ്യാപിച്ച പദ്ധതിയുടെ തുടർ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ഈ സർക്കാർ ആദ്യ ബജറ്റിലൂടെ പ്രഖ്യാപിച്ച കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ പ്രവർത്തനം സർക്കാർ തുടർച്ചയായി അവലോകനം ചെയ്തുവരുന്നു. മിഷന്റെ പ്രവർത്തനം മിഷന്റെ സംസ്ഥാനതല അപക്സ് കമ്മിറ്റി യോഗങ്ങളിൽ അവലോകനം ചെയ്തിട്ടുണ്ട്. കൂടാതെ, മിഷന്റെ പ്രവർത്തനം സംബന്ധിച്ച പുരോഗതി റിപ്പോർട്ട് മിഷന്റെ നോഡൽ ഏജൻസിയായ കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും സർക്കാർ വാങ്ങുകയും മിഷന്റെ പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു. |
| (ബി) | പ്രതിവർഷം ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകുകയുണ്ടായോ ; | ഇല്ല. |
| (സി) | ഈ പദ്ധതി പ്രകാരം തൊഴിലില്ലാത്ത എത്ര അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുകയുണ്ടായി ; | 1.3.2013 ലെ കണക്കുകൾ പ്രകാരം 52 സംരംഭങ്ങൾ പൂർണ്ണ രൂപത്തിൽ പ്രവർത്തനം ആരംഭിക്കുകയും അതുവഴി 125 സംരംഭകരെ കൂടാതെ 311 പേർക്ക് പ്രത്യക്ഷമായും 500-ഓളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുകയുമുണ്ടായി. |
| (ഡി) | ഈ പദ്ധതിയുടെ പലിശ സബ്സിഡി ചെലവുകളിലേയ്ക്ക് 2011-12, 2012-13 വർഷങ്ങളിൽ വകയിരുത്തിയ തുകയും ആ വർഷങ്ങളിൽ ചെലവഴിച്ച തുകയും എത്ര കോടി വീതമായിരുന്നു ; വ്യക്തമാക്കാമോ ; | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്ന വായ്പയുടെ പലിശ സബ്സിഡി ഇനത്തിൽ ഉപയോഗിക്കുന്നതിനായി 9,89,12,500/- രൂപയും മിഷന്റെ ചെലവുകൾക്കായി 10 കോടി രൂപയും 2011-12 സാമ്പത്തിക വർഷം സർക്കാർ കേരള ഫിനാൻഷ്യൽ കോർപ്പറേഷന് നൽകിയിട്ടുണ്ട്. മിഷൻ വഴി നൽകുന്ന വായ്പയുടെ പലിശ സബ്സിഡി ഇനത്തിൽ ഉപയോഗിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മിഷന്റെ നോഡൽ ഏജൻസിയായ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ കണക്കുകൾ പ്രകാരം, മിഷന്റെ പ്രവർത്തനമാരംഭിച്ച് 31.7.2012 വരെ 10.09 കോടി |

| | | |
|---|---|---|
| | | രൂപ ചെലവായി. 2012-13ലെ പൂർണ്ണകണക്കുകൾ കെ.എഫ്.സിയുടെ ആഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ തയ്യാറായതിന് ശേഷമേ ലഭ്യമാകുകയുള്ളൂ. |
| (ഇ) | എത്ര യൂണിറ്റുകൾ പലിശരഹിത വായ്പയോടുകൂടി ഈ പദ്ധതിവഴി സംസ്ഥാനത്തിപ്പോൾ പ്രവർത്തിച്ചുവരുന്നു; വിശദമാക്കാമോ? | മിഷൻ പ്രകാരം 110 സംരംഭങ്ങൾക്ക് പലിശ രഹിത വായ്പ അനുവദിക്കുകയുണ്ടായി. ഇതിൽ 52 സംരംഭങ്ങൾ പൂർണ്ണ രൂപത്തിൽ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ